ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/01/2017*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**








- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*




॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 4 ലക്കം 07

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 പൗഷ – മാഘ
1192 ധനു – മകരം 2017 ജനുവരി

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-


# സത്യാർത്ഥപ്രകാശം പ്രകാശനം

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ജനുവരി 03 | : | വീരപാണ്ഡ്യകട്ടബൊമ്മൻ ജന്മദിനം |
| ജനുവരി 12 | : | സ്വാമി വിവേകാനന്ദ ജയന്തി |
| ജനുവരി 14 | : | മകരസംക്രാന്തി |
| ജനുവരി 20 | : | വീരഹക്കീകത്ത് റായ് രക്തസാക്ഷിദിനം |
| ജനുവരി 23 | : | നേതാജി സുഭാഷ് ചന്ദ്രബോസ് ജന്മദിനം |
| ജനുവരി 26 | : | റിപ്പബ്ലിക് ദിനം |
| ജനുവരി 28 | : | ലാലാലജ്പത്റായ് ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



***മണ്ഡലം 1 സൂക്തം 6***

***മധുച്ഛന്ദാ ഋഷിഃ മരുതഃ ദേവതാഃ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**ദേവയന്തൊ യഥാ മതിമച്ഛാ വിദദ്വസുങ് ഗിരഃ |**

**മഹാമനൂഷത ശ്രുതമ് ||**

*(ഋഗ്വേദം 1.6.6)*

**പദാർത്ഥം:** എങ്ങനെയാണൊ (ദേവയന്തഃ) സർവ്വവിജ്ഞാനയുക്തരായ (ഗിരഃ) പണ്ഡിതരായ മനുഷ്യർ (വിദദ്വസുമ്) സുഖകരമായ പദാർത്ഥവിദ്യായുക്തമായ (മഹാമ്) അത്യന്ത ഉത്തമമായ (മതിമ്) ബുദ്ധിയെ (ശ്രുതമ്) സർവ്വശാസ്ത്രങ്ങളും ശ്രവിക്കാനും പറയാനും (അച്ഛ) നല്ല പ്രകാരത്തിൽ (അനൂഷത) പ്രകാശം ചൊരിയുന്നത് അതുപോലെ നല്ല പോലെ സാധനം ചെയ്യുന്നതിലൂടെ വായുവും ശിൽപ്പം അതായത് എല്ലാകാര്യങ്ങളും (അനുഷത) സിദ്ധിക്കുന്നു.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണ്. വായുവിന്റെ ഉത്തമ ഗുണങ്ങളുടെ ജ്ഞാനം, എല്ലാവർക്കും ഉപകാരം ചെയ്യുക, വിദ്യയുടെ വൃദ്ധിനേടുക എന്നിവയ്ക്കായി മനുഷ്യർ സദാ പ്രയത്നം ചെയ്യണം. അങ്ങനെ സർവ്വവ്യവഹാരവും സിദ്ധിക്കട്ടെ.

'ഗാനമാലപിക്കുന്ന ധർമ്മാത്മാവ് അതായത് വായു ഇന്ദ്രനെ അത്തരത്തിലുള്ള വാണി കേൾപ്പിച്ച് നീ വിജയിക്കട്ടെ' എന്ന തരത്തിലുള്ള അർത്ഥവും ശരിയല്ല. 'ദേവയന്തഃ' എന്നതിനർത്ഥം മനുഷ്യർ സ്വന്തം അന്തഃകരണത്താൽ പണ്ഡിതന്മാരെ കാണാനായി ആഗ്രഹിക്കുന്നു. ഈ അർത്ഥംകൊണ്ട് മനുഷ്യരെയാണ് ഉദ്ദേശിക്കുന്നത് എന്ന് ഗ്രഹിക്കണം.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദായനം 2016



കാറൽമണ്ണ വേദഗുരുകുലത്തിന്റെ (പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം) ഒന്നാം വാർഷികാഘോഷം വിപുലമായ പരിപാടികളോടെ ഡിസംബർ 25 മുതൽ 30 വരെ സുമുചിതമായി നടത്തി. ഡിസംബർ 25 ന് കാലത്ത് 9 ന് സ്വാമി ബ്രഹ്മാനന്ദ സരസ്വതി (വടലൂർ, ആന്ധ്രപ്രദേശ്) ആര്യധ്വജാരോഹണം നടത്തി. മഹർഷി ദയാനന്ദസരസ്വതിയുടെ വിശ്വവിഖ്യാതഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തിന്റെ പ്രകാശനം തൃശ്ശൂർ ബ്രഹ്മസ്വം മഠം പ്രസിദ്ധീകരണമായ വേദധ്വനിയുടെ പത്രാധിപരും വേദപണ്ഡിതനുമായ വടക്കുംപാട് നാരായണ് ആദ്യകോപ്പി നൽകി സ്വാമിജി നിർവഹിച്ചു. ഭാരതത്തിന്റെ വിവിധ ആര്യസമാജഘടകങ്ങളിൽ നിന്നുവന്ന സർവ്വശ്രീ.എസ്.പി.കുമാർ (ബാംഗ്ലൂർ), ബാലേശ്വർ മുനി വാനപ്രസ്ഥി, ആചാര്യസോമ് മിത്ര (ഡൽഹി), സ്വാമി വേദപതി പരിപ്രജക് (റോജഡ് ഗുജറാത്ത്) തുടങ്ങി നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. ഡോ.പി.കെ.മാധവന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കെ.എം.രാജൻ സ്വാഗതവും വി.ഗോവിന്ദപ്രസാദ് നന്ദി പ്രകാശനവും നടത്തി. ചെർപ്പുളശ്ശേരി നഗര സഭാകൗൺസിലർ ശ്രീ. കെ.എം.ഇസ്ഹാഖ്, ഡോ.ശശികുമാർ നെച്ചിയിൽ, വി.ഗോവിന്ദദാസ് എന്നിവർ ആശംസകളർപ്പിച്ചു.

ഡിസംബർ 26 മുതൽ 30 വരെ സ്കൂൾ വിദ്യാർത്ഥകൾക്കായുള്ള ബാലസംസ്കാര ശിബിരവും നടന്നു. വിദ്യാശക്തി അഖിലേന്ത്യ സെക്രട്ടറി, എൻ.സി.ടി രാജഗോപാലിന്റെ അദ്ധ്യക്ഷതയിൽ ഡിസംബർ 26 ന് കാലത്ത് 9 ന് നടന്ന ശിബിരം ചെർപ്പുളശ്ശേരി നഗരസഭ ചെയർപേഴ്സൺ ശ്രീമതി.ശ്രീലജ വാഴക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. സർവ്വശ്രീ ഡോ. അച്ചുതൻകുട്ടി, കെ. ബാബുരാജൻ മാസ്റ്റർ (ബാലഗോകുലം സംസ്ഥാനാദ്ധ്യക്ഷൻ) പി.ശിവകുമാർ മാസ്റ്റർ, കോതമംഗലം വാസുദേവൻ നമ്പൂതിരി, കുമ്പിടി രാധാകൃഷ്ണൻ, ഡോ.ശശികുമാർ നെച്ചിയിൽ, വി.ഗോവിന്ദദാസ് എന്നിവർ വിവിധ സാംസ്കാരികവിഷയങ്ങളും ആര്യവീർദൾ പരിശീലകനായ ആചാര്യ സോമമിത്ര, കെ.എം.രാജൻ, വേദാകരാചാര്യ, ആചാര്യവാമദേവ് ആര്യ, ഗോവിന്ദ പ്രസാദ് എന്നിവർ വിവിധ വൈദികവിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകളെടുത്തു.

**അധിഷ്ഠാതാ, വേദഗുരുകുലം**

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**ചോദ്യം 2 : യജ്ഞങ്ങളിൽ പശുബലിനടത്താൻ വേദങ്ങളിൽ വിധിയുണ്ടോ ?**

**ഉത്തരം** : യജ്ഞത്തിന്റെ മഹത്വവും ഗുണഗാനങ്ങളും ഉയർത്തികാട്ടി വേദം പറയുന്നു സത്യനിഷ്ഠരായ പണ്ഡിതന്മാർ യജ്ഞത്താലാണ് പരമേശ്വരനെ പൂജിക്കുന്നത് എന്ന്.

"യജ്ഞോ വൈ ശ്രേഷ്ഠതമം കർമ്മ" തുടങ്ങിയ ആർഷവചനങ്ങളനുസരിച്ച് യജ്ഞകർമ്മത്തിൽ സർവ്വശ്രേഷ്ഠകർമ്മങ്ങളുടേയും സമാവേശമാണുള്ളത്. യജ് എന്ന ധാതുവിൽനിന്നാണ് യജ്ഞ ശബ്ദം ഉണ്ടാവുന്നത്. അതിന്റെ അർത്ഥം ദേവപൂജ, സംഗീതകരണം, ദാനം എന്നിവയാണ്. യജ്ഞം ചെയ്യാത്തവരെക്കുറിച്ച് വേദം പറയുന്നതിങ്ങനെയാണ് "കുൽസിതവും അപവിത്രവുമായ ആചരണങ്ങൾ നടത്തുന്നവർ യജ്ഞമയിയായ വഞ്ചിയിൽ കയറാനാകതെ അഗാധഗർത്തങ്ങളിൽ വീണുപോകുന്നു." ഈശ്വര പ്രാപ്തിക്കുള്ള മാർഗ്ഗമായാണ് വേദം യജ്ഞത്തെ വിശേഷിപ്പിക്കുന്നത്. അവയിൽ ഹിംസ ഒരിടത്തും വരുന്നില്ല. വൈദികയജ്ഞങ്ങളിൽ പശു ബലിയുണ്ടെന്ന് പറയുന്നത് നിരാധാരമാണ്.

യജ്ഞത്തിൽ പശുബലി ആരംഭിച്ചത് മദ്ധ്യകാലഘട്ടത്തിലാണ്. പ്രാചീനകാലത്ത് യജ്ഞത്തിൽ പശുബലി പ്രചാരത്തിലുണ്ടായിരുന്നില്ല. മദ്ധ്യകാലഘട്ടത്തിൽ ധാർമ്മികച്യുതിവന്നപ്പോൾ മാംസാഹാരം, മദ്യം എന്നിവയുടെ ഉപഭോഗം വ്യാപകമായി. മതമതാന്തരങ്ങളിൽ വിശ്വസിച്ചുവന്നിരുന്നവർ തങ്ങളുടെ മനോഗതിക്കനുസരിച്ച് വേദഭാഷ്യങ്ങൾ രചിക്കുകയും, വേദങ്ങളിൽ മാംസാഹാരം, മൃഗബലി, പശു, കാള, കുതിര തുടങ്ങിയവയെ വധിക്കാനുള്ള വിധികൾ എന്നിവ പ്രചാരത്തിൽ കൊണ്ടുവന്നു. ഇവ വായിച്ച മാക്സ്മുള്ളർ, വിൽസൺ, ഗ്രിഫിത്ത് തുടങ്ങിയ പാശ്ചാത്യപണ്ഡിതന്മാർ വേദങ്ങളിൽ മാംസാഹാരവിധിയുണ്ടെന്ന് ശക്തമായി പ്രചരിപ്പിച്ച് പവിത്രമായ വേദങ്ങളെ കളങ്കപ്പെടുത്തിയെന്നുമാത്രമല്ലാ, ലക്ഷക്കണക്കിന് നിർദ്ദോഷികളായ ജന്തുക്കളെ കൊന്നൊടുക്കി മാനവജാതിയെ പാപികളാക്കി മാറ്റി. മധ്യകാലഘട്ടത്തിൽ വാമമാർഗ്ഗികൾ ശക്തിപ്രാപിച്ചുവന്നു. മാംസം, മദ്യം, മൈഥുനം മൽസ്യം എന്നിവയിലൂടെ മോക്ഷപ്രാപ്തിയുണ്ടാവുമെന്നവർ വിശ്വസിച്ചു. ആചാര്യ സായണൻ തുടങ്ങിയവർ പണ്ഡിതന്മാരായിരുന്നുവെങ്കിലും വാമമാർഗ്ഗികളാൽ പ്രഭാവിതരായി വേദങ്ങളിൽ മാംസഭക്ഷണവും മൃഗബലിയും നടത്താനുള്ള വിധിയുണ്ടെന്ന് കണ്ടെത്തി. നിരപരാധികളായ ജന്തുക്കളെ കർമ്മകാണ്ഡങ്ങളിൽ കൊന്നൊടുക്കുന്നതുകണ്ടാണ് മഹാത്മാ ബുദ്ധനും മഹാവീരനും വേദങ്ങളിൽ ഹിംസയുണ്ടെന്ന് കരുതി അവയെ അംഗീകരിക്കുന്നില്ലാ എന്ന് പ്രഖ്യാപിച്ചത്. തന്മൂലം വേദങ്ങളുടെ പ്രചാരം കുറയുകയും അവൈദികമായ മതങ്ങളുടെ പ്രചാരം കൂടുകയും ചെയ്തു. ക്ഷത്രിയധർമ്മത്തിന്റെ ക്ഷയം മൂലം നാട് അടിമത്തത്തിലാണ്ടു. വേദങ്ങളിൽ മാംസഭക്ഷണവിധിയുണ്ടെന്ന തെറ്റായ പ്രചാരം മൂലം ദേശത്തിന് വന്ന ഹാനികൾക്ക് കയ്യും കണക്കുമില്ല.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*





# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 4 ലക്കം 07

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 പൗഷ - മാഘ
1192 ധനു - മകരം 2017 ജനുവരി

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| വേദങ്ങളെ അറിയുക | : | 14 |
| വാർത്തകൾ | : | 15 |

**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**

## മുഖവാണി

## യദ് ഭദ്രം തന്ന ആസുവ



മഹർഷി ദയാനന്ദന് ഏറെ പ്രിയപ്പെട്ട മന്ത്രമാണ് 'ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ യദ്ഭദ്രം തന്ന ആസുവ' എന്ന യജുർവ്വേദം മുപ്പതാം അദ്ധ്യായത്തിലെ മൂന്നാമത്തെ മന്ത്രം.

ഈ വേദമന്ത്രത്തിൽ ജീവിതത്തിന്റെ ഒരു മഹാരഹസ്യം ഒളിഞ്ഞിരിപ്പുണ്ട്. മഹർഷിയുടെ ദൃഷ്ടിയിൽ 'ദുരിതമെന്നത്', ദുഃഖം, ദുർഗ്ഗുണം, ദുർവ്യസനം എന്നൊക്കെയാണ്. 'ഭദ്ര'മെന്നത് മംഗളകാരിയായ ഗുണകർമ്മസ്വാഭാവങ്ങളും.

പ്രയത്നമില്ലാത്ത പ്രാർത്ഥന പൂർണ്ണമല്ല. പ്രയത്നത്തോടുകൂടിയ പ്രാർത്ഥനയാണ് യഥാർത്ഥ പ്രാർത്ഥന. നാം ഈ ജീവിതത്തിൽ സുഖം, ശാന്തി, മംഗളം എന്നിവ ആഗ്രഹിയ്ക്കുന്നുവെങ്കിൽ, ഇഹലോകത്തിലും പരലോകത്തിലും മംഗളം ആശിക്കുന്നുവെങ്കിൽ,

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ഇപ്പോൾതന്നെ - ഈ നിമിഷം തന്നെ സത്കർമ്മങ്ങൾ ചെയ്യാനാരംഭിയ്ക്കണം. എത്രകണ്ടുകഴിയുമോ അത്രകണ്ട് മോശം കർമ്മങ്ങൾ ചെയ്യാതിരിക്കണം. ജീവിതത്തെ ദുരിതങ്ങളിൽ നിന്നും ദൂരീകരിച്ചാലും (ദുരിതാനി പരാസുവ). ഭദ്രമായവയെ ജീവിതത്തിൽ പകർത്തിയാലും (ഭദ്രം ആസുവ).

ഈ പാവനമന്ത്രത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു ചിന്തിക്കാം. മനുഷ്യനെ മനുഷ്യനെന്നു പറയുന്നത് എപ്പോഴാണ് ? മനുഷ്യന്റെ മഹിമയെന്താണ് ? മനുഷ്യനും, പശുപക്ഷികളും തമ്മിലുള്ള വ്യത്യാസമെന്താണ് ?

മനുഷ്യനെ ഒഴിച്ച് മറ്റുള്ള പശു, പക്ഷി തുടങ്ങിയ പ്രാണികളെല്ലാം 'ഭോഗയോനി'യാണ്. മനുഷ്യൻ മാത്രമാണ് ഉഭയയോനി. ഭോഗയോനിയും കർമ്മയോനിയുമാണയാൾ മനുഷ്യർ കർമ്മം ചെയ്യുന്നതിൽ സ്വതന്ത്രരാണ്. പശു-പക്ഷി തുടങ്ങിയവയെല്ലാം അങ്ങിനെയല്ല. പശു-പക്ഷികൾ ചെയ്യുന്ന കർമ്മങ്ങൾ പുണ്യ-പാപകർമ്മങ്ങളാകുന്നില്ല. അവ ചെയ്യുന്ന കർമ്മങ്ങൾ സ്വാഭാവിക കർമ്മങ്ങളാണ്. കേവലം ഭോഗത്തിനുള്ളതുമാത്രമാണത്.

ഈ ലോകത്തിൽ മനുഷ്യനെ ഒഴിച്ചുനിർത്തിയുള്ള മറ്റു പ്രാണികൾ ചര=ചലിക്കുന്നവ, അചര-ചലിക്കാത്തവ, സ്ഥാവര-വൃക്ഷങ്ങൾ-വനസ്പതി തുടങ്ങിയവ എല്ലാം കേവലം ഭോഗയോനികളാണ്. കർമ്മയോനികളല്ല. മനുഷ്യന് മാത്രമാണ് കർമ്മം ചെയ്യാനുള്ള സ്വാതന്ത്ര്യമുള്ളത്. അയാൾക്ക് മാത്രമാണ് നിയമസംഹിതകളും ഭരണഘടനയുമുള്ളത്. ശാസ്ത്രങ്ങളും മനുഷ്യന് വേണ്ടിയാണ്.

മനുഷ്യൻ എങ്ങനെ കർമ്മം ചെയ്യണം, കുടുംബം, സമാജം എന്നിവ എങ്ങനെയാവണം എന്ന വിഷയങ്ങളൊക്കെ നമ്മുടെ സത്യശാസ്ത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. തന്റെ യോഗ്യതയ്ക്കും വർണ്ണവ്യവസ്ഥയ്ക്കും അനുയോജ്യമായ കർമ്മങ്ങൾ മനുഷ്യർ അനുഷ്ഠിക്കണം. വേദം പറയുന്നു. ഭദ്രം നോ അപി വാതയ മാനൊ ദക്ഷമുത ക്രതുമ് (ഋഗ്വേദം10.25.1) - 'അല്ലയോ പരമേശ്വരാ! ഞങ്ങൾക്ക് മംഗളകാരകമായ മനസ്സും, മംഗളകർമ്മങ്ങൾ ചെയ്യാനുള്ള സാമർത്ഥ്യവും മംഗളകർമ്മങ്ങൾ അനുഷ്ഠിക്കാനുള്ള പ്രേരണയും നൽകിയാലും' എന്ന്.

ഇപ്രകാരം പവിത്രമായ വേദവാണിയെ ശിരസാവഹിച്ച് നമുക്ക് സത്കർമ്മങ്ങളനുഷ്ഠിച്ച് ജീവിതത്തെ സഫലമാക്കാനാവട്ടെ. ഈ ജീവിതത്തിൽ തന്നെ ഈശ്വരീയാനന്ദാനുഭൂതിനേടാനാകട്ടെ. ജീവിതത്തെ സർവ്വപ്രകാരത്തിലും സുഖമയമാക്കുന്നതിന് മറ്റൊരുപായവുമില്ല.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*

*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 7 ഈശ്വരനും വേദങ്ങളും

**ചോദ്യം 1: ആരാണ് നാസ്തികൻ ?**

**ഉത്തരം** : ഈശ്വരനെ ശരിക്കറിയാത്തവനും അംഗീകരിക്കാത്തവനും ഈശ്വരധ്യാനം നടത്താത്തവനെയും നാസ്തികനെന്നു പറയുന്നു.

**ചോദ്യം 2 : മനുഷ്യർക്കുണ്ടാവുന്ന സമസ്ത ദുഃഖങ്ങൾക്കും കാരണമെന്താണ്?.**

**ഉത്തരം** : ഈശ്വരനെ അംഗീകരിക്കാതിരിക്കലാണ് മാനവരുടെ സമസ്ത ദുഃഖങ്ങൾക്കും കാരണം.

**ചോദ്യം 3 : ജഢ-ചേതനവസ്തുക്കളുടെ വ്യത്യാസമെന്താണ് ?**

**ഉത്തരം** : ഒരു തുലനാത്മക പട്ടിക താഴെ കൊടുക്കുന്നു

| ജഢവസ്തു | ചേതനവസ്തു |
|---|---|
| 1. ആഗ്രഹമുണ്ടാവുന്നില്ല | 1. ആഗ്രഹമുണ്ടാവുന്നു |
| 2. സുഖം, ദുഃഖം തുടങ്ങിയ അനുഭൂതികളുണ്ടാവുന്നില്ല | 2. സുഖം, ദുഃഖം എന്നിവ അനുഭവപ്പെടുന്നു |
| 3. പരിവർത്തനവിധേയമാണ് | 3. പരിവർത്തനവിധേയമല്ല |
| 4. ജ്ഞാനമില്ല | 4. ജ്ഞാനമുണ്ട് |
| 5. നീളം, വീതി തുടങ്ങിയ രൂപങ്ങളുണ്ട് | 5. നിരാകാരനാണ് |

**ചോദ്യം 4: ജഢ-ചേതന വസ്തുക്കളുടെ ഉദാഹരണം പറയുക.**

**ഉത്തരം** : **ജഢ വസ്തുക്കൾ**=കല്ല്, മരം, കമ്പി, അഗ്നി, വായു, വാഹനം മൊബൈൽ, കമ്പ്യൂട്ടർ തുടങ്ങിയവ

**ചേതനവസ്തുക്കൾ** = ഈശ്വരനും ജീവാത്മാവും

**ചോദ്യം 5 : ഈശ്വരൻ സർവ്വവ്യാപകനാണോ ?**

**ഉത്തരം** : അതെ, ഈശ്വരൻ എല്ലായിടത്തും നിറഞ്ഞുനിൽക്കുന്നവനാണ്.

**ചോദ്യം 6 : ഈശ്വരൻ എല്ലായിടത്തുമുണ്ടെങ്കിൽ നമുക്ക് കാണാനാവാത്തതെന്തുകൊണ്ടാണ് ?**

**ഉത്തരം** : നിരാകാരനായതിനാൽ ഈശ്വരനെ കാണാനാവില്ല.

**ചോദ്യം 7: ന്യായമെന്നു പറയുന്നതെന്താണ് ?**

**ഉത്തരം** : കർമ്മങ്ങൾക്കനുസരിച്ച് ഫലം നൽകുന്നതിനെയാണ് ന്യായമെന്നു പറയുന്നത്.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*

*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി**

**ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## പരോപകാരിണി സഭയുടെ സ്ഥാപനം



ഉദയ്പ്പൂർ വാസക്കാലത്ത് സ്വാമിജി 'പരോപകാരിണി സഭ'യുണ്ടാക്കി. അതിന്റെ മുഖ്യമായ ഉദ്ദേശ്യം പരോപകാരപ്രവർത്തനങ്ങളുടെ നേതൃത്വംനൽകുകയെന്നാണ്. അതിന്റെ 23 സഭാസദരെ (അംഗങ്ങളെ) നിശ്ചയിച്ചു. ഉദയ്പൂർ രാജാവായ മഹാരാജസജ്ജൻസിംഗായിരുന്നു ഇതിന്റെ ആദ്യത്തെ അദ്ധ്യക്ഷൻ. കുറച്ചുനാൾക്കുമുമ്പ് ഷാപൂരിൽ നിന്ന് സ്വാമിജിക്ക് ക്ഷണം ലഭിച്ചിരുന്നു. അങ്ങോട്ട് തിരിക്കുന്നതിനുമുമ്പായി ഉദയ്പൂരിലെ മഹാറാണ വേദഭാഷ്യപ്രസിദ്ധീകരണത്തിന് സഹായധനമായി 1200 /- രൂപ നൽകി.

### ഷാപൂർ യാത്ര

ഷാപൂരിലെ രാജാവ് സ്വാമിജിയെ ആദരവോടെ സ്വാഗതം ചെയ്തു. സ്വാമിജിയുടെ പ്രഭാഷണം കേട്ട് രാജാവും മറ്റു ശ്രോതാക്കളും വളരെ ആവേശഭരിതരായി. സ്വാമിജിയുടെ പ്രഭാഷണത്തിന്റെ മാന്ത്രികശക്തി അപാരമായിരുന്നു. അനേകംപേർ അതിൽ ആകർഷിക്കപ്പെട്ട് സ്വാമിജിയുടെ ശിഷ്യന്മാരായി തീരുകയുണ്ടായി. കുറച്ചു ദിവസങ്ങൾക്കുശേഷം ജോധ്പൂർ രാജാവും സ്വാമിജിയെ അങ്ങോട്ട് ക്ഷണിച്ചു.

### സ്വാമി ദയാനന്ദൻ ജോധ്പൂരിൽ

ജോധ്പൂരിലെത്തിയ സ്വാമിജി അവിടത്തെ ഫൈജുല്ലാഖാന്റെ ബംഗ്ലാവിൽ താമസമാരംഭിച്ചു. സ്വാമിജിയുടെ ആഗമനവാർത്തയറിഞ്ഞ് മഹാരാജാവ് തന്റെ സഭാവാസികളുമൊത്ത് അദ്ദേഹത്തെ കാണാനെത്തി. ഒരു ദക്ഷിണ നൽകിയശേഷം മഹാരാജാവ് അദ്ദേഹത്തിന് മുന്നിൽ നിലത്തിരുന്നു. എന്നാൽ സ്വാമിജി അദ്ദേഹത്തെ കൈപിടിച്ചെഴുന്നേൽപ്പിച്ച് തന്റെ സമീപത്തിരുത്തി. താമസിയാതെ സ്വാമിജിയുടെ താമസത്തിനായി പുതിയസ്ഥലമേർപ്പെടുത്തി. പരിചാരകരെയും വ്യവസ്ഥ ചെയ്തു.

ജോധ്പൂരിലേക്ക് പോകുന്നതിന് മുമ്പ് പലരും അദ്ദേഹത്തോട് അങ്ങോട്ട് പോകുന്നതൊഴിവാക്കണമെന്നും അവിടെയുള്ളവർ അദ്ദേഹത്തെ അപായപ്പെടുത്താനിടയുണ്ടെന്നും പറഞ്ഞു. ഇതുകേട്ട സ്വാമിജി പുഞ്ചിരിതൂകികൊണ്ടു പറഞ്ഞു. എന്റെ വിരലുകൾ തിരിയായി ഉപയോഗിച്ച് കത്തിച്ചാലും ഞാൻ സത്യത്തിന്റെ പ്രചാരപ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കില്ല. അതനുസരിച്ച് ജോധ്പൂരിലെത്തിയ സ്വാമിജി ക്ഷാത്രധർമ്മത്തിനുകളങ്കമുണ്ടാകുന്ന വ്യഭിചാര പ്രവൃത്തികളും വിഷയാസക്തികളും തുറന്നുകാട്ടി. ഇത്തരക്കാർക്കിത് സഹിക്കാനായില്ല. അവർ പലഗൂഢാലോചനകളും ആസൂത്രണം ചെയ്തു തുടങ്ങി.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപ്പത്തി വിഷയഃ

കഥം വേദഃശ്രുതിശ്ച ദ്വേ നാമ്നി ഋക്സംഹിതാദീനാം ജാതെ ഇതി?

അർത്ഥവശാത് (വിദ) ജ്ഞാനേ, (വിദ) സത്തായാമ്, (വിദ്ല്യ) ലാഭേ, (വിദ) വിചാരണ, ഏതേഭ്യോ 'ഹലശ്ച' ഇതി സൂത്രേണ കരണാധികരണകാരയോർധഞ്പ്രത്യയെ കൃതേ വേദശബ്ദഃ സാധ്യതെ | ത്യാ (ശ്രു) ശ്രവണെ, ഇത്യസ്മാദ്ധാതോഃ കരണകാരകെ ക്തിൻ പ്രത്യയെ കൃതേ ശ്രുതി ശബ്ദോ വ്യുൽപ്പദ്യതെ | വിദന്തി ജാനന്തി, വിദ്യന്തെ ഭവന്തി, വിന്ദന്തി വിന്ദന്തെ, ലഭന്തെ, വിന്ദതെ വിചാരന്തി സർവ്വേ മനുഷ്യാഃ സർവ്വാഃ സത്യവിദ്യായൈർയേഷു വാ തഥാ വിദ്വാംസശ്ച ഭവന്തി തേ 'വേദാഃ' | തഥാƒƒദിസൃഷ്ടിമാരഭ്യാദ്യപര്യന്തം ബ്രഹ്മാദിഭിഃ സർവ്വാഃ സത്യവിദ്യാഃ ശ്രൂയന്തേƒനയാ സാ 'ശ്രുതി' | ന കസ്യചിദ്ദേഹധാരിണഃ സകാശാൽകരാചിൽകോƒപി വേദാനാം രചനം ദൃഷ്ടവാൻ | കുതഃ ? നിരവയവേശ്വരാത്തേഷാം പ്രാദുർഭാവാത് | അഗ്നിവായ്വാദിത്യങ്ഗിരസസ്തു നിമിത്തീഭൂതാ വേദപ്രകാശാർത്ഥമീശ്വരേണ കൃതാ ഇതി വിജ്ഞേയമ് | തേഷാംജ്ഞാനേന വേദാനാമനുത്പത്തേഃ | വേദേഷു ശബ്ദാർത്ഥസംബന്ധാഃ പരമേശ്വരാദേവ പ്രാദുർഭൂതാഃ തസ്യപൂർണ്ണ വിദ്യാവത്ത്വാത് | അതഃ കിം സിദ്ധമ് ? അഗ്നിവായുരവ്യാങ്ഗിരേ മനുഷ്യദേഹധാരിജീവദ്വാരേണ പരമേശ്വരേണ ശ്രുതിർവേദഃ പ്രകാശീകൃത ഇതി ബോധ്യമ് |

**ഭാഷാർത്ഥം**: (ചോദ്യം) ഋഗ്വേദാദി സംഹിതകൾക്ക് വേദം, ശ്രുതി എന്നീ പേരുകൾ എങ്ങനെ കിട്ടി?

**ഉത്തരം** : അർത്ഥഭേദം കൊണ്ടുണ്ടായതാണ്. എന്തെന്നാൽ ഒന്ന് (വിദ്) ധാതു ജ്ഞാനാർത്ഥവും മറ്റേത് (വിദ) ഉൺമ എന്നർത്ഥത്തിലും നാലാമത്തേതായ (വിദ) ചിന്ത എന്നർത്ഥത്തിലുമാണ്. ഈ നാലുധാതുക്കളുടേയും കരണത്താലും അധികരണകാരകത്തിൽ 'ധഞ്' പ്രത്യയം ചേർത്താൽ വേദശബ്ദം ലഭിക്കും. അതുപോലെ 'ശ്രു' ധാതു ശ്രവണാർത്ഥത്തിൽ പ്രയോഗിക്കാം. കരണകാരകത്തിൽ 'ക്തിൻ' പ്രത്യയം വരുമ്പോൾ ശ്രുതി ശബ്ദം സിദ്ധിക്കുന്നു. ഏതൊന്നിനെ പഠിച്ചാൽ യഥാർത്ഥവിദ്യയുടെ വിജ്ഞാനം ലഭിക്കുന്നുവോ, ഏതൊന്നുപഠിക്കുന്നതിലൂടെ വിദ്വാനാവുന്നുനോ, ഏതൊന്നിലൂടെ സുഖം ലഭിക്കുന്നുവോ ഇവയിൽ ഋഗ്സംഹിതാദികളുടെ പേരാണ് വേദം. അതുപോലെ സൃഷ്ടിയുടെ ആരംഭം മുതൽ നാം വരെ ഏതിൽനിന്നാണൊ സത്യവിദ്യകളെ കേട്ടുവരുന്നത് അതിന് ശ്രുതി എന്ന പേരുകിട്ടി. എന്തെന്നാൽ വേദങ്ങൾ രചിച്ചയാളെ ഇന്നേവരെ ആരും നേരിട്ട് ദർശിച്ചിട്ടില്ല. അതിനാൽ നിരാകാരനായ ഈശ്വരനാലാണ് വേദങ്ങൾ സൃഷ്ടിക്കപ്പെട്ടത്. ഇതുവരേക്കും നാമതിനെ കേട്ടും കേൾപ്പിച്ചും വന്നുപോരുന്നു. അങ്ങനെ അഗ്നി, വായു, ആദിത്യൻ, അങ്ഗിരസ് എന്നീ നാല് ഋഷിമാരിലൂടെ അവർക്ക് ചൊല്ലികേൾപ്പിക്കുകയോ ആംഗ്യരൂപത്തിൽ പറയുകയോ ചെയ്യാതെ ഈശ്വരൻ അവരെ നിമിത്തകാരണമാക്കി വേദങ്ങളെ പ്രകാശിപ്പിച്ചു. അവരുടെ ജ്ഞാനത്തിൽനിന്നല്ലാ വേദങ്ങളുടെ ഉൽപ്പത്തിയുണ്ടായത്. എന്നാൽ വേദങ്ങളിൽ എന്തെല്ലാം ശബ്ദങ്ങളും അർത്ഥങ്ങളും അവ തമ്മിലുള്ള ബന്ധവുമുണ്ടോ അവയെല്ലാം ഈശ്വരൻ തന്റെ ജ്ഞാനത്താൽ പ്രകാശിപ്പിച്ചു.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# വൈദിക ഈശ്വരൻ

കെ.എം. രാജൻ

**ചോദ്യം: ഇതിന്നർത്ഥം ഈശ്വരൻ മോശം വസ്തുക്കളായ ആൽക്കഹോൾ, മൂത്രം, മലം എന്നിവയിലും ഉണ്ടെന്നാണോ?**

**ഉത്തരം** : 1. എല്ലാ സൃഷ്ടിയും ഈശ്വരനുള്ളിലാണ്. ഈശ്വരൻ ഈ വസ്തുക്കളുടെ പുറത്തുമുണ്ട്. എന്നാൽ ഈ വസ്തുക്കൾ ഈശ്വരനുപുറത്തുവരില്ല. അതിനാൽ ലോകത്തിലെ സമസ്തവസ്തുക്കളും ഈശ്വരമയമാണ്. ഒരു ചെറിയ ഉദാഹരണത്താൽ ഇത് വ്യക്തമാക്കാം. ഒരു പാത്രം വെള്ളത്തിൽ മുങ്ങികിടക്കുന്ന ഒരു തുണ്ടുതുണിപോലെ നാമെല്ലാം ഈശ്വരനുള്ളിലാണ്. പാത്രത്തിലെ തുണിക്കഷ്ണത്തിന്റെ ഉള്ളിലും പുറത്തും വെള്ളമുണ്ട്. വെള്ളമില്ലാത്ത ഒരു ഭാഗവും ഈ തുണിക്കഷ്ണത്തിനില്ല എന്നതുപോലെ ഇതിനുപുറത്തും ജലമുണ്ട്.

2. ഒരു വസ്തു നല്ലതാണ് എന്നുതോന്നുന്നത് നമുക്ക് അതുമായുള്ള ബന്ധമാണ്. സ്വാദേറിയ മാമ്പഴത്തിനു രൂപം നൽകുന്ന കണികകൾ നമുക്ക് പ്രിയങ്കരമാണ്. അതേ കണികകൾ വിഭജിച്ച് പരസ്പരം മറ്റു രാസപദാർത്ഥങ്ങളുമായി ചേർന്ന് മലം പോലുള്ള വസ്തുക്കൾ ഉണ്ടാവുമ്പോൾ അത് നമുക്ക് മോശം വസ്തുക്കളായി തോന്നുന്നു. നമുക്ക് നമ്മുടേതായ ഒരു കാര്യപദ്ധതിയുള്ളതിനാൽ നാം ഓരോ വസ്തുവിനേയും നമ്മുടെ പദ്ധതിക്കനുയോജ്യമായവയെങ്കിൽ സ്വീകരിക്കുകയും മറിച്ചാണെങ്കിൽ ത്യജിക്കുകയും ചെയ്യും. നാം ഉപേക്ഷിക്കുന്നത് മോശം വസ്തുക്കളായും സ്വീകരിക്കുന്നത് നല്ലതുമായും കണക്കാക്കുന്നു. എന്നാൽ ഈശ്വരന് അത്തരം കാര്യപരിപാടികൾ ഇല്ലാത്തതിനാൽ ഒന്നും തന്നെ അദ്ദേഹത്തിന് മോശം വസ്തുക്കളല്ല. മാത്രമല്ല, അദ്ദേഹത്തിന്റെ കർമ്മങ്ങൾ നമ്മിൽനിന്നും വ്യത്യസ്ഥമാണ്. നീതിപൂർവ്വമായ വിധത്തിൽ അനുഗ്രഹം നേടാൻ സഹായിക്കുന്ന അദ്ദേഹത്തിന് ഈ പ്രപഞ്ചത്തിൽ അസ്പൃശ്യതയുള്ള ഒന്നും തന്നെയില്ല.

3. മറ്റൊരുദാഹരണമെടുക്കാം. ഒരു കപടനായ സാമൂഹ്യപ്രവർത്തകൻ തന്റെ എയർക്കണ്ടീഷൻ ചെയ്ത മുറിയിലിരുന്ന് ചേരിപ്രദേശങ്ങളിലെ സാമൂഹ്യസേവനം അവിടം സന്ദർശിക്കാതെ നടപ്പാക്കാനുദ്ദേശിക്കുന്നത്പോലെയല്ല ഈശ്വരൻ ഈ പ്രപഞ്ചത്തിലെ ഏറ്റവും മോശമായ സ്ഥലങ്ങളിൽ കൂടി നിലകൊണ്ട് നിയന്ത്രിച്ച് നമ്മുടെ ഐശ്വര്യത്തിനായി പ്രവർത്തിക്കുന്നത്.

4. അതിനാൽ അദ്ദേഹം മാത്രമാണ് പൂർണ്ണൻ. എല്ലാറ്റിലും എല്ലായിടത്തും അദ്ദേഹം നിറഞ്ഞുനിൽക്കുന്നുവെങ്കിലും അദ്ദേഹം ഇതിൽനിന്നെല്ലാം വ്യത്യസ്ഥനുമാണ്.

**ചോദ്യം: ഈശ്വരൻ ദയാലുവും നീതിമാനുമാണോ ?**

**ഉത്തരം**: അതെ. അദ്ദേഹം ദയയുടേയും ന്യായത്തിന്റേയും സംഗ്രഹമാണ്.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





**(മുൻ ലക്കത്തിന്റെ തുടർച്ച)**

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സൂരി



**സ്ഥൂ**ലശരീരത്തെ ഉപേക്ഷിക്കുമ്പോഴാണ് ആത്മാവ് ഈശ്വരാധീനമായിതീരുന്നത്. ഈശ്വരന്റെ ആജ്ഞാനുസാരമാണ് പുതിയ ശരീരത്തെ പ്രാപിയ്ക്കുന്നത്. എപ്പോൾ ? എങ്ങനെ ? എവിടെ ? ഇത് ജീവാത്മാവിന്റെ പൂർവ്വ- വർത്തമാന കർമ്മക്കൾനുസരിച്ച് ഈശ്വരനാൽ നിശ്ചയിക്കപ്പെടുന്നു. ജാതി, ആയുസ്സ്, ഭോഗം മുതലയാവയുടെ വ്യവസ്ഥ ചെയ്യപ്പെടുന്നു. കാരണം അദ്ദേഹമാണ് എല്ലാ ജീവികളുടെയും ശരീര രചന നടത്തുന്ന യഥാർത്ഥന്യായാധിപൻ

(യജുർവ്വേദം 23.3)

**ചോദ്യം 56: മൃത്യുവിന്റെ മൃത്യു എങ്ങനെയാണ് സാദ്ധ്യമാവുക ?**

**ഉത്തരം** : "ബ്രഹ്മചര്യേണ തപസാദേവാ മൃത്യുമുപാഘ്നത" (എപ്പോഴും ഈശ്വരനെ സ്മരിച്ചുകൊണ്ടിരിക്കുന്നവനും തപസ്വിയും യോഗിയുമായ ഒരാൾക്ക് മൃത്യുവിനേയും ജയിക്കാൻ സാധിക്കും) ഇതാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. ഈ ഉത്തരം ലഭിക്കുന്നതിനായി ജീവികൾക്ക് അനേകം ശരീരങ്ങൾ സ്വീകരിക്കേണ്ടതായിവരുന്നു. ഈ രഹസ്യത്തേക്കുറിച്ചറിയുന്നതിനായി ശാസ്ത്രജ്ഞരും വളരെ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. ഈ മൃത്യുവിൽ നിന്നും രക്ഷപ്പെടുന്നതിനായി ജീവികൾ അങ്ങുമിങ്ങും ഓടിനടക്കുന്നു. പല ഉപായങ്ങളും പരീക്ഷിക്കുന്നു.

പണ്ഡിതനും പാമരനും കുട്ടികളും വൃദ്ധരും പണക്കാരും പാവപ്പെട്ടവരും രാജാവും സേവകനും ധർമ്മിയും അധർമ്മിയും മുതലാവരെല്ലാവരും മൃത്യുവിനെ ജയിക്കുന്നതിനായി സ്വന്തം വഴികൾ തിരഞ്ഞുകൊണ്ടേയിരിയ്ക്കുന്നു. 'അമരൻ' ആയിതീരണമെന്നാണ് എല്ലാ ജീവികളുടേയും ലക്ഷ്യം.

**വേദാഹമേതം പുരുഷം മഹാന്ത മാദിത്യവർണ്ണം തമസഃപരസ്താത് ।**

**തമേവ വിദിത്വാതി മൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേ്യനായ ॥**

(യജുർവ്വേദം 31.18)

ഇഹത്തിലേയും പരത്തിലേയും സുഖമനുഭവിക്കാൻ ആഗ്രഹിക്കുന്നവർ എല്ലാവരിലും മഹാനും സ്വയം പ്രകാശിക്കുന്നവനും ആനന്ദസ്വരൂപനും സദാ വർത്തമാനത്തിൽ വസിക്കുന്നവനുമായ പരമാത്മാവിനെ അറിഞ്ഞാൽ മാത്രമെ മരണമാകുന്ന ദുഃഖസാഗരത്തിൽ നിന്നും മോചനം ലഭിക്കുകയുള്ളൂ. ഇതുതന്നെയാണ് ഏറ്റവും സുഖപ്രദമായമാർഗ്ഗം. ഇതിൽനിന്ന് ഭിന്നമായി മനുഷ്യന് മുക്തിയിലേക്ക് മറ്റൊരു മാർഗ്ഗവുമില്ല. അതായത് ആ പരമേശ്വരനെ അറിയുകമാത്രമാണ് മുത്യുവിനെ ജയിക്കുന്നതിനുള്ള മാർഗ്ഗം. മൃത്യുവിനെ ജയിക്കുന്നതിനായി മറ്റൊരു മാർഗ്ഗമില്ല

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ. എം. രാജൻ*

കഷ്ടപ്പാടുകൾ, വിവിധപ്രകാരത്തിലുള്ള പീഢകൾ അഥവാ ദുഃഖങ്ങളിൽ നിന്ന് നിവൃത്തി പ്രാപിയ്ക്കുന്നതോടെ ജീവാത്മാവിന് അപവർഗ്ഗം അഥവാ മോക്ഷം - ഈശ്വരന്റെ ആധാരത്തിൽ അത്യന്താനന്ദം എല്ലായ്പ്പോഴേയ്ക്കുമായി പ്രാപിയ്ക്കുന്നു. ഇതിന്റെ പേര് അപവർഗ്ഗം അഥവാ മോക്ഷമെന്നാണ് ||21-22||

ഇത്തരത്തിൽ മേൽവിവരിച്ച അനേകം പ്രമാണങ്ങളാൽ മോക്ഷാവസ്ഥയിൽ ജീവാത്മാവിന് ലയനം ഉണ്ടാകുന്നില്ല. എന്നാൽ അത്യന്താനന്ദസ്വരൂപനായി ജീവാത്മാവ് വർത്തിയ്ക്കുന്നു. മറ്റൊരു പ്രമാണം കൂടിയുണ്ട്.

**സത്യം ജ്ഞാന മനന്ത ബ്രഹ്മ യോ വേദ നിഹിതം ഗുഹായാം പരമേ വ്യോമൻ |**

**സോശ്നുതെ സർവ്വാൻ കാമാന് ബ്രഹ്മണാ സഹ വിപശ്ചിതേതി ||**

(തൈത്തിരീയോപനഷനിഷത് വചനം)

ഏതൊരു ജീവാത്മാവാണൊ സത്യ - ജ്ഞാനസ്വരൂപബ്രഹ്മസ്വാന്തര്യാമിയുടെ സ്വബുദ്ധി ജ്ഞാനത്തിൽ നിഹിത(സ്ഥിതൻ)നായി അറിയുന്നത് അഥവാ പ്രാപ്തനായിരിക്കുന്നത് ആ പരമവ്യോമവ്യാപക സ്വരൂപനായ പരമാത്മാവ് മോക്ഷസമയത്ത് അയാളിൽ സ്ഥിരനായിരിക്കുന്നു. തദനന്തരം സർവ്വവിദ്യായുക്തനും സർവ്വജ്ഞനും സർവ്വശക്തിമാനുമായ ബ്രഹ്മം ജീവാത്മാവിന്റെ സർവ്വകാമനകളേയും പൂർത്തീകരിക്കുന്നു. അതായത് സർവ്വദുഃഖങ്ങളിൽ നിന്നും വിടുതൽ നേടി ഈശ്വരനോടൊപ്പം സദാനന്ദത്തിൽ വർത്തിക്കുന്നു.

ജീവാത്മാവിന്റെ ലയനമുണ്ടെന്ന് വാദിക്കുന്നവരുടെ അഭിപ്രായമനുസരിച്ച് അനിർമോക്ഷപ്രസംഗദോഷം വരുന്നു. അതേപോലെ മോക്ഷസാധനവും നിഷ്ഫലമായിതീരുന്നു.

എന്തെന്നാൽ സൃഷ്ടിക്കുമുമ്പ് മുക്തനായിരുന്ന ബ്രഹ്മം അവിദ്യഭ്രമ അജ്ഞാനോപാധിയുടെ കൂടെ ബന്ധനായിതീരുന്നു. അതേപോലെ പ്രാപ്തമോക്ഷചേതനത്തിന് വീണ്ടും അവിദ്യോപാധിയുടെ കൂടിച്ചേരൽ ഉണ്ടാവുമ്പോൾ അതിന് മോക്ഷത്തിലെ നിത്യത ലഭിയ്ക്കുന്നില്ല. മാത്രമല്ല, ഏതൊരു മോക്ഷത്തിനാണൊ വിവേകം തുടങ്ങിയ സാധനകൾ ചെയ്യുന്നത് ആ മോക്ഷപ്രാപ്തി ലഭിയ്ക്കുന്ന ജീവാത്മാവിന് ലയനം സംഭവിയ്ക്കുകയാണെങ്കിൽ മറ്റെല്ലാസാധനങ്ങളും നിഷ്ഫലമായിത്തീരുന്നു. എന്തെന്നാൽ മുക്തി സുഖത്തിന്റെ ആനന്ദം അനുഭവിയ്ക്കുന്നു. ജീവാത്മാവിന്റെ പേരുപോലും ഇല്ലാതാവുന്നു.

അതേപോലെ ജീവ - ബ്രഹ്മഐക്യമുണ്ടെന്നു കരുതുന്നവരുടെ മതത്തിൽ ബ്രഹ്മവും ഭ്രാന്ത - അജ്ഞാനിയായിതീരുന്നു. എന്തെന്നാൽ സൃഷ്ടിയുടെ ആരംഭത്തിനുമുമ്പ് ജ്ഞാനസ്വരൂപനായ ശുദ്ധ ബ്രഹ്മം ഉണ്ടായിരുന്നു. അതേ ബ്രഹ്മം അവിദ്യാദിദോഷയുക്തനായി ദോഷിയായിതീരുന്നു. ഇത് വേദ - ഉപനിഷത് - വേദാന്തശാസ്ത്രങ്ങൾക്ക് അത്യന്തവിരുദ്ധമാണ്. "ശുദ്ധമപാപവിദ്ധം കവിഃ" ഇത്യാദിയ ജുർവ്വേദസംഹിത തുടങ്ങിയവയിലെ വചനങ്ങൾ അനുസരിച്ച് ബ്രഹ്മം സദാ ശുദ്ധവും പാപരഹിതവും സർവ്വജ്ഞാദിവിശേഷണയുക്തനുമാണ്. അതിൽ അജ്ഞാനാതി ദോഷങ്ങൾ ഒരിക്കലും ഉണ്ടാവുന്നില്ല. എന്തെന്നാൽ ദേശ - കാല - വസ്തുക്കളുടെ പരിച്ഛേദം ഈശ്വരനിൽ വരുന്നില്ല. ഭ്രാന്ത്യാദി ദോഷങ്ങൾ അൽപജ്ഞനായ ജീവാത്മാവിൽ മാത്രമാണ്. മറ്റെങ്ങുമില്ല.

(തുടരും)

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***

***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***

*തർജ്ജമ: കെ.എം. രാജൻ*




2500 വർഷങ്ങൾക്ക് മുമ്പ് ബൗദ്ധർ എഴുതിയ ഗ്രന്ഥങ്ങളിൽ ഇത്തരം കാര്യങ്ങളെ പരാമർശിച്ച് ബ്രാഹ്മണഗ്രന്ഥങ്ങളെ വിമർശിച്ചിട്ടുണ്ട്. അതങ്ങനെയാണെന്നിരിക്കലും അശ്ലീലകഥകൾ അവയിൽ കാണുന്നില്ലേ? കുതിരയെ അഴിച്ചുവിട്ട് രാജാക്കന്മാർ ശത്രുത ഉണ്ടാക്കിയിരുന്നില്ലേ ?

ഇതിനുള്ള നമ്മുടെ മറുപടി ശതപഥത്തിൽ പറയുന്നുണ്ട്. 'അഗ്നിർവ്വാ അശ്വാഃ । (ശതപഥം 3.6.2.5)' ആജ്യംമേധഃ ॥ തൈത്തീരിയ ബ്രാഹ്മണം 3.9.12.1 - മേധോ വാ ആജ്യമ്). അശ്വമേധമെന്നതിന് അഗ്നിയിൽ നെയ്യ് ഹോമിക്കുക എന്നാണർത്ഥം. ഹരിശ്ചന്ദ്രൻ ശുനഃ ശേഫൻ (ഹരിശ്ചന്ദ്ര ശുനഃ ശേഫ കഥ ഐതരേയ ബ്രാഹ്മണ (7.13.18) ത്തിൽ കാണുന്നു) എന്നീ കഥകൾ അതാത് സഹാചര്യമനുസരിച്ച് നിർണ്ണയിക്കണം.

യക്ഷനെകുറിച്ചൊരു കഥ കേനോപനിഷത്തിൽ പറയുന്നുണ്ട്. യക്ഷൻ ഒരു പുൽക്കൊടി അഗ്നിക്കുമുമ്പിൽ വെച്ചിട്ട് അതിനെ ദഹിപ്പിക്കാൻ അഗ്നിയോട് പറഞ്ഞു. എന്നാൽ അഗ്നിക്കതിന് കഴിഞ്ഞില്ല. പിന്നീട് വായുവിനോട് ആ പുല്ലിനെ പറത്തിക്കളയാൻ പറഞ്ഞു. വായുവിനുമത് സാധിച്ചില്ല. ഇങ്ങനെ പറഞ്ഞ് ഹൈമവതി എന്ന ബ്രഹ്മവിദ്യയുടെ മാഹാത്മ്യം പറയുന്നു.

യജ്ഞത്തിൽ മാംസാദികൾ ഭക്ഷിക്കുന്നതിനേകുറിച്ച് വിവരണമുണ്ടെന്ന് ആധുനികരായ പണ്ഡിതൻമാരുടെ കപട കണ്ടുപിടുത്തമാണ്.

വ്യഭിചാരിവിഷയത്തെക്കുറിച്ചും പലരും അത്തരം കഥകളുണ്ടാക്കി. ഇന്ദ്രന്റെയടുക്കൽ മേനക തുടങ്ങിയ അപ്സരസ്സുകളുണ്ട്. നാം ചന്തയിൽ പോയി കാശുകൊടുത്ത് ഏതെങ്കിലും വസ്തുവാങ്ങുന്നതിലെന്തു ദോഷമാണുള്ളത് ? അതിനാൽ ഇത്തരം കഥകളെല്ലാം പറയുന്നത് നിങ്ങളെ പ്രശസ്തനാക്കുമോ ? ഒരിക്കലുമില്ല. ഇനി പുരുഷമേധത്തെക്കുറിച്ച് അൽപം ചർച്ചചെയ്യാം. യജുർവ്വേദത്തിലെ ഈ മന്ത്രം നോക്കൂ.

വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ|യദ് ഭദ്രം തന്ന ആസുവ||

(യജുർവ്വേദം 30.3)

***മാ സ്രോധത (ഋഗ്വേദം 6.32.9)***

***ഹിംസ ചെയ്യാതിരിക്കൂ***

മൃഗങ്ങളുടേയും മനുഷ്യരുടേയും മാംസം കൊണ്ട് ദേവതകൾക്ക് ഹോമത്തിൽ ആഹുതി ചെയ്യുന്നത് എങ്ങനെ ശരിയാവും ? ഹോമം ചെയ്യുന്നത് ദേവതകൾക്കാണ്. ഈ വ്യവസ്ഥ ഒരിക്കലും ഈശ്വരനുണ്ടാക്കിയതല്ല. അന്യായമെന്നല്ലാതെ ഇതിനെകുറിച്ചെന്തു പറയാനാവും.

പരമേശ്വരന്റെ വ്യവസ്ഥയിൽ ഇത്തരത്തിലുള്ള അന്യായം ഒരിക്കലും ഉണ്ടാവില്ല. പശുക്കളെപ്പോലെ പരോപകാരികളായ മൃഗങ്ങളെ ഭക്ഷിക്കുന്നതുമൂലവും യജ്ഞത്തിനായി കൊല്ലുന്നതിലും എത്ര വലിയ പാതകമാണ് ചെയ്യുന്നത്. ഒരു പശു നാലു സേർ പാലു നൽകുന്നു. ഈ പാലുപയോഗിച്ച് ഉണ്ടാക്കുന്ന പായസം ചുരുങ്ങിയത് നാലുപേർക്കെങ്കിലും പോഷകഹാരമടങ്ങിയ ആഹാരമാവുന്നു. അതായത് രാവിലത്തേയും വൈകുന്നേരത്തേയും പാൽചേർന്നാൽ എട്ടുമനുഷ്യർക്ക് ആഹാരമാവുന്നു. ഈ പശു പത്തുമാസം പാൽ തരികയാണെങ്കിൽ 2400 മനുഷ്യർക്ക് സുഖമായ ഭക്ഷണം ആ പശുവിന്റെ ഒരു പ്രസവത്തിൽ നിന്നും കിട്ടും. ഇത്തരത്തിൽ ആ പശു എട്ടുപ്രാവശ്യം തന്റെ ജീവിതകാലത്ത് പാൽ തരികയാണെങ്കിൽ 19200 പേർക്ക് ഭക്ഷണത്തിനുതകുമത്. ഈ പശുവിനെ കൊന്നുതിന്നുകയാണെങ്കിൽ 25-30 പേർക്ക് മാത്രമെ അത് ഭക്ഷണമാവുന്നുള്ളു. ഈ യുക്തിയുടെ അടിസ്ഥാനത്തിൽ മാംസഭക്ഷണം ശരിയല്ല.

*(തുടരും)*


**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ - സനാതന - വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് - 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരെലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



"**പ**ണ്ട് പണ്ട്, നൂറ്റാണ്ടുകൾക്ക് പലതിനും മുമ്പ് ഇരിങ്ങാലക്കുട ഗ്രാമത്തിൽ അതിഗംഭീരമായൊരു അതിരാത്രയജ്ഞം നടത്താൻ വേദപണ്ഡിതരെല്ലാം ചേർന്നൊരു സഭ കൂടി നിശ്ചയിച്ചു. വൈദികന്മാരിൽ പ്രമുഖനായ കൈമുക്കായിരുന്നു അതിന്റെ സംഘാടകൻ.

ചെറുമുക്ക്, തൈക്കാട്, പെരുമ്പടപ്പ് കപ്ലിങ്ങാട്, കൈതമുക്ക്, പന്തല് മുതലായ വൈദിക പ്രമുഖരും മറ്റു വേദജ്ഞരും കൂടിയിരുന്ന് യജ്ഞപ്രാണരായ ഋത്വിക്കുകളെ തിരഞ്ഞെടുക്കാനുള്ള ചർച്ച ആരംഭിച്ചു.

"പരമേറ്റൂർ പരമാനന്ദനെ (പരമേശ്വരനാണോ എന്നറിയില്ല - പത്രാധിപർ) യാണ് യജമാനനസ്ഥാനത്തേയ്ക്ക് യോഗ്യനായി തിരഞ്ഞെടുത്തത്. എല്ലാവർക്കും സുസമ്മതനായ നെല്ലിക്കാട്ട് മാമൂണ്ണ് തന്നെയാണ് ഉദ്ഗാതൃത്വം വഹിക്കാൻ ഏറ്റവും യോഗ്യൻ. ഗ്രഹങ്ങളുടെ നിയന്താവായ സൂര്യനൊത്തപദവിയുള്ള ബ്രഹ്മന്റെ സ്ഥാനത്തിന് പഴയില്ലം വാസുദേവൻ മതി. അദ്ദേഹം ചതുർവേദിയാണ്. പിന്നെ അധ്വര്യുവാണ് വേണ്ടത്. അതിന് കർമ്മകുശലതയും വൈദികകർമ്മകാണ്ഡ ജ്ഞാനവും മൂന്നും തികഞ്ഞ ഒരു ചെറുപ്പക്കാരനെ കിട്ടണം. അതിനിപ്പോൾ ആരേയും കാണുന്നില്ല. വൈദികൻ ചെറുമുക്ക് അഭിപ്രായപ്പെട്ടു."

"അതിനെന്താപ്പോ? വേഗം പോയി കിഴക്കുംകരയ്ക്ക് ആളെ വിട്. അവിടെ രണ്ടുണ്ണിനമ്പൂതിരിമാരുണ്ട്. ബ്രഹ്മചാരികൾ അവർഋത്വിജാധികാരികളാണ്. അവരെവരുത്തിയാൽ മതി. എനിയ്ക്കറിയാം എന്റെ തറവാട് ശിഷ്യരാണവർ". കൈമുക്ക് വൈദികൻ നിർദ്ദേശിച്ചു.

വൈദികവിധിയ്ക്കപ്പീലില്ല. സുപ്രീംകോടതിവിധിയാണത്. കിഴക്കുംകരയ്ക്ക് ആളുപോയി വിവരമറിഞ്ഞ് ഒട്ടും താമസിയാതെ അവർ ചെന്ന് പുണ്യ യജ്ഞം പിഴവെന്നേകഴിപ്പിച്ച് പണ്ഡിതന്മാരെ അത്ഭുതസ്തബ്ധരാക്കിയെന്നുമാത്രമല്ലാ, സുവർണ്ണമുദ്രക്കവരെ അർഹരാക്കുകയും ചെയ്തു. വയസ്സുകൊണ്ട് മേജറായികഴിഞ്ഞിരുന്നില്ലത്രെ അന്നവർ. എന്തത്ഭുതം! കേട്ടാൽ അസംഭവ്യമെന്നുതോന്നാം. എന്നാൽ ആറുകൊല്ലംകൊണ്ട് ആറുശാസ്ത്രങ്ങളും പഠിക്കാൻ ആദിശങ്കരയോഗിയ്ക്ക് കഴിഞ്ഞുവെങ്കിൽ, ഒരു രാവുകൊണ്ട് പന്ത്രണ്ടുസർഗ്ഗം മണിപ്രവാളം രചിയ്ക്കാൻ കുഞ്ചന് സാധിച്ചുവെങ്കിൽ, രണ്ടരകൊല്ലം കൊണ്ട് ഇരുപത്തിനാലുലക്ഷത്തിൽ പരം ശ്ലോകങ്ങളുള്ള മഹാഭാരതകാവ്യം വൃത്താനുവൃത്തം വിവർത്തനം ചെയ്യാൻ വെൺമണിപുത്രൻ കുഞ്ഞുകുട്ടനുപ്രയാസമില്ലായിരുന്നുവെങ്കിൽ, ഇതും സംഭവിക്കാം. "സ്വപ്നലോകപര്യടകൻ പാച്ചൻ ഇറങ്ങി സ്വകാര്യങ്ങളിലേയ്ക്ക് ചിന്തതിരിഞ്ഞു.

*(തുടരും)*

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***